

TUESDAY 21-03-2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : PADMAM S** **Editor : Dr. BINU HARRIET IVAN**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/03/2023.

1. കോട്ടയം ജില്ല എലിക്കുളം ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി ഹരിതോത്സവ് 2023 ഈ മാസം 23ന് വൈകിട്ട് 4 മണിക്ക് ഇളങ്ങുളം ശ്രീധർമ്മശാസ്ത്ര ഓഡിറ്റോറിയത്തിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നു. ഇതോടനുബന്ധിച്ച് കാർഷിക വിപണന മേളയും സംഘടിപ്പിച്ചിട്ടുണ്ട്.

2. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2022-2023 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ - സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിക്ക് തുടക്കമാകുന്നു. ഗോ ജീവ സുരക്ഷാ പദ്ധതിയുടെ ഭാഗമായി പനമരം ബ്ലോക്കിലെ കർഷകരുടെ വീട്ടുപടിക്കൽ രോഗബാധിതരായ മൃഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കും. രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണി വരെയായിരിക്കും സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ പ്രവർത്തനം. ഓരോ ആഴ്ചയും ബ്ലോക്കിലെ ഓരോ പഞ്ചായത്ത് കേന്ദ്രീകരിച്ചായിരിക്കും പ്രവർത്തനം. തുടക്കത്തിൽ മാർച്ച് 17 മുതൽ 25 വരെ പനമരം ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ സേവനം ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് 9074583866 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. സർക്കാർ സംരംഭമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുല്പാദനം കഴിഞ്ഞതും മാതൃ- പിതൃ ശേഖരത്തിൽ പെട്ടതുമായ ഇറച്ചികോഴികൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9495000914 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. കാർഷിക സർവകലാശാലയുടെ കീഴിലുള്ള തവനൂർ കാർഷിക എൻജിനീയറിങ് കോളേജിലെ 31 അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകളിലേക്ക് ഒരു വർഷത്തെ കോൺട്രാക്ട് നിയമനത്തിന് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 27.03.2023 വൈകുന്നേരം 4 മണി. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് www.kau.in,kcaet.kau.in എന്നിവ സന്ദർശിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് 2023 മാർച്ച് 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാം.

6. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴി വളം കിലോയ്ക്ക് 3 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ 0471-2730804 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

7. തെങ്ങ്

വേനൽക്കാലത്ത് സസ്യസ്വേദനം വഴി തെങ്ങിൽ നിന്നും ജലം നഷ്ടമാകുന്നത് ഒഴിവാക്കാൻ തെങ്ങിന്റെ ഏറ്റവും താഴെത്തെ 3-5 ഓലകൾ വെട്ടിമാറ്റുന്നതും, തടിയിൽ ചൂട് ഏൽക്കുന്നത് കുറയ്ക്കുന്നതിന് 2-3 മിറ്റർ ഉയരം വരെ ചുണ്ണാമ്പ് പൂശുന്നതും നല്ലതാണ്. ചെറിയ തെങ്ങിൻ തൈകൾക്ക് വേനൽക്കാലത്ത് തെക്കുപടിഞ്ഞാറ് ദിശയിൽ നിന്ന് തണൽ കൊടുക്കുകയും ചെയ്യണം. മേൽമണ്ണ് ചെറുതായി ഇളക്കിയിടുന്നത് വേനൽ മഴയിൽ നിന്നും ലഭിക്കുന്ന ജലം മണ്ണിൽ തന്നെ സംഭരിച്ചു നിർത്താനുള്ള നല്ലൊരു മാർഗമാണ്. ഇതിനായി തെങ്ങിൻ തോപ്പുകളിലും മറ്റും വേനൽക്കാല ഉഴവ് അനുവർത്തിക്കുക. വേനൽ മഴ ലഭ്യമായ സ്ഥലങ്ങളിൽ തെങ്ങിൻ ചുവട്ടിൽ നിന്നും മാറി രണ്ടു മീറ്റർ ചുറ്റളവിൽ തടത്തിൽ പച്ചില വളച്ചെടികളായ കാട്ടുചണമ്പ്, പയർ, കിലുക്കി തുടങ്ങിയവയുടെ വിത്തുകൾ പാകാവുന്നതാണ്. ഒരു ഹെക്ടർ സ്ഥലത്തേക്ക് 20 മുതൽ 25 കിലോ ഗ്രാം വിത്തുകളാണ് ആവശ്യമായി വരുക. ഇവ പൂത്ത് തുടങ്ങുന്ന സമയത്ത് ഓഗസ്റ്റ്- സെപ്റ്റംബർ മാസത്തിൽ പച്ചില വളച്ചെടികൾ ഉഴുതു ചേർക്കുകയോ പറിച്ചു തടങ്ങളിൽ ഇടുകയോ ചെയ്യാം. ഇതിൽ നിന്നും ഒരു ഹെക്ടർ സ്ഥലത്ത് 5 -8 ടൺ വരെ പച്ചിലവളം ലഭിക്കുകയും മണ്ണിന്റെ ജല സംഭരണ ശേഷി കൂട്ടുകയും ചെയ്യും.